(ഡി) ഒരു മാസം ശരാശരി 35215 കെയ്സ്. എന്നാൽ 1.4.98 മുതൽ 31.3.99 വരെ 421390 കെയ്സ് മദ്യം മിലിട്ടറി ക്യാന്റീനുകൾ വഴി വില്പന യ്ക്കായി നൽകിയിട്ടുണ്ട്.

**53 (1502) ബോട്ട്ലിംഗ് ആന്റ് ബ്ലെൻഡിംഗ് യൂണിറ്റുകൾ**

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോട്ട്ലിംഗ് ആന്റ് ബ്ളെൻഡിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി സർക്കാരിന് 31.12.98 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇതിൽ എക്സൈസ് കമ്മിഷണറുടെ അന്വേഷണം കഴിഞ്ഞ എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ ടെക്നിക്കൽ എക്സ്പെർട്ടുകൾ ആരെങ്കിലുമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 153 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ഇവയുടെ പരിശോധന നടന്നുവരുന്നതേയുള്ളൂ.

(ബി) 71 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഒരു സെലക്ഷൻ/റിക്രൂട്ടിനി കമ്മിറ്റി നിലവിലുണ്ട്.

(ഡി) പ്രസ്തുത കമ്മിറ്റിയിൽ ടെക്നിക്കൽ എക്സ്പെർട്ടുകൾ ഇല്ല. എന്നാൽ കമ്മിറ്റിക്ക് ആവശ്യമെങ്കിൽ ടെക്നിക്കൽ എക്സ്പെർട്ടുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**54 (1503) "ഗോഡൗൺ പരിശോധിക്കുന്ന ഉദ്യോഗസ്ഥർ"**

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ഗോഡൗണുകളുടെയും മറ്റും പരിശോധനാ ചുമതലകൾ നിർവഹിക്കുന്ന എക്സൈസ് വകുപ്പുദ്യോഗസ്ഥരെ പിൻവലിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുപകരം എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പിൻവലിച്ചിട്ടില്ലായെങ്കിൽ ഇവരെ പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനെതിരെ എന്തൊക്കെ പരാതികളാണ് ഉയർന്നിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യമുദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**55 (1504) മദ്യവർജ്ജനം**

ശ്രീ. ബി. വിജയകുമാർ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ :
ശ്രീമതി ശോഭനാ ജോർജ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യവർജ്ജനം ഈ ഗവൺമെന്റിന്റെ നയമാണോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) മദ്യവർജ്ജനത്തിന്റെ ഭാഗമായി കള്ളുഷാപ്പുകളുടേയും വിദേശമദ്യഷാപ്പുകളുടേയും എണ്ണം കുറയ്ക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) ഒരു ഗ്രാമപഞ്ചായത്ത് അതിന്റെ പരിധിക്കുള്ളിൽ മദ്യഷാപ്പ് വേണ്ടെന്ന് തീരുമാനിച്ചാൽ അതു നടപ്പാക്കാൻ ഇന്നുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അതെ

(ബി) .വ്യാപകമായ ബോധവൽക്കരണപരിപാടികൾ നടത്തുവാനും ഇത്തരം നടപടികൾ നടത്തുന്ന സന്നദ്ധസംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) മദ്യനിരോധനം സർക്കാരിന്റെ നയമല്ല.

(ഡി) ഇക്കാര്യം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നതല്ല.

**56 (1505) മദ്യദുരന്തം**

ശ്രീ. വി. ബാലറാം :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എവിടെയെല്ലാം മദ്യദുരന്തം ഉണ്ടായിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്ര പേർ മരിച്ചു;

(സി) എത്രപേർക്ക് കാഴ്ച നഷ്ടപ്പെടുകയോ അംഗവൈകല്യം ഉണ്ടാവുകയോ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly